"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ മരണമടഞ്ഞ ലക്ഷ്മിദേവി.ടി-യുടെ മകനും ആശ്രിതനുമായ ശ്രീ . അതുൽ. ടി-യ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.148/2023/LSGD തീയതി,തിരുവനന്തപുരം, 24-07-2023

---

പരാമർശം:- 1. സ.ഉ (പി) നം. 12/99/പി & എ ആർ ഡി തീയതി 24.05.1999.

2. 21.02.2018 – ലെ സ.ഉ(കൈ) നം. 5/2018/ഉ.ഭ.പ.വ

3. ശ്രീ . അതുൽ ടി . യുടെ 11.09.2020 ലെ അപേക്ഷ

4. പഞ്ചായത്ത് ഡയറക്ടറുടെ 30.10.2020 ലെ PAN/12254/2020-E14(DP) നമ്പർ കത്ത്.

5. മലപ്പുറം ജില്ലാ കളക്ടറുടെ 24.06.2021 ലെ DCMPM/4577/2021-A2 നം കത്ത്.

**<u>ഉത്തരവ്</u>**

പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ 06.01.2019 ൽ മരണമടഞ്ഞ ലക്ഷ്മിദേവി.ടി യുടെ മകൻ ശ്രീ . അതുൽ ടി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധരേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (3) അപേക്ഷ ടിയാൾക്ക് ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനായി ശുപാർശ ചെയ്ത് പരാമർശം (4) പ്രകാരം പഞ്ചായത്ത് വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ശുപാർശയിന്മേൽ പരാമർശം (5) പ്രകാരം മലപ്പുറം ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ 06.01.2019ൽ മരണമടഞ്ഞ ലക്ഷ്മിദേവി.ടി യ്ക്ക് 08 വർഷം 01 മാസം 02ദിവസത്തെ സേവനകാലമുണ്ടായിരുന്നെന്നും, ടിയാളുടെ മകനും ആശ്രിതനും അപേക്ഷകനുമായ ശ്രീ .

അതുൽ ടി യ്ക്ക് 24 വയസ്സുണ്ടെന്നും (ജനനതീയതി 10.05.1999) , ടിയാൾ എസ്.എസ്.എൽ.സി, എച്ച്.എസ്.ഇ, കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ ബി . കോം എന്നീ പരീക്ഷകൾ പാസ്സായിട്ടുണ്ടെന്നും, 05.02.2013 ലെ സ.ഉ(പി)നം 3/2013/ഉ.ഭ.പ.വ ഉത്തരവ് പ്രകാരം ടിയാളുടെ കുടുംബ വാർഷിക വരുമാനം 5,08,600/- രൂപയാണെന്നും, പരേതനായ സർക്കാർ ജീവനക്കാരന്റെ ആശ്രിതരാർക്കും തന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചിട്ടില്ലെന്നും. ടിയാളുടെ മറ്റ് ആശ്രിതരെല്ലാം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ . അതുൽ ടി യ്ക്ക് നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും, കൂടാതെ ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്ന സംരക്ഷണ സമ്മത മൊഴിയും സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ ശ്രീ . അതുൽ ടി യ്ക്ക് സമാശ്വാസ തൊഴിദാന പദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനായി വ്യവസ്ഥ ചെയ്തിരിക്കുന്ന നിലവിലുള്ള ഉത്തരവുകളിലെ വ്യവസ്ഥകളെല്ലാം പാലിക്കുന്നതിനാൽ പഞ്ചായത്ത് ഡയറക്ടറുടേയും, മലപ്പുറം ജില്ലാ കളക്ടറുടേയും ശുപാർശകൾ പരിഗണിച്ച്, മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചാത്തിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ 06.01.2019 ന് മരണമടഞ്ഞ ലക്ഷ്മിദേവി.ടി യുടെ മകൻ ശ്രീ . അതുൽ. ടി -യ്ക്ക് (ജയ നിവാസ്,നടുവത്ത് പി.ഒ, വണ്ടൂർ (വഴി),മലപ്പുറം-679 328.) പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും ചുവടെപ്പറയുന്ന മറ്റ് വ്യവസ്ഥകൾക്കും വിധേയമായി പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിലെ ഒഴിവിൽ അപേക്ഷകൻ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള മലപ്പുറം ജില്ലയിൽ നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ക്ലറിക്കൽ തസ്തികയിലെ മേൽ നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.
2. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതാണ്.
3. സാധുവായ അപേക്ഷാ തീയതിയെ അടിസ്ഥാനമാക്കി അപേക്ഷകന്റെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.
4. ടിയാളുടെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട് പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
5. മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
6. അപേക്ഷകൻ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വച്ചുകയോ ചെയ്താണ് ആശ്രിതനിയമനം കരസ്ഥമാക്കിയതെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമനം സർക്കാർ റദ്ദു ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

ശ്രീ . അതുൽ ടി (ജയ നിവാസ്,നടുവത്ത് പി.ഒ, വണ്ടൂർ (വഴി),മലപ്പുറം-679 328.) (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം ( എല്ലാ രേഖകളും ഉൾപ്പെടെ)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ജില്ലാ കളക്ടർ, മലപ്പുറം.

സെക്രട്ടറി, അമരമ്പലം ഗ്രാമപഞ്ചായത്ത്, മലപ്പുറം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. 82/ഇപിഎ3/2020/തസ്വഭവ.).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 25-07-2023 15:13:36
സെക്ഷൻ ഓഫീസർ